(ബി) ബസ്സിന്റെയും ജീവനക്കാരുടെയും കുറവുമൂലവും നിർവ്വാഹമില്ല. മാത്രവുമല്ല പ്രസ്തുത റൂട്ടിൽ സ്വകാര്യ ബസ്സ് സർവ്വീസുകൾ നിലവിലുള്ളതുമാണ്.

76 (1808) തീരദേശ റൂട്ടിലെ യാത്രാക്ലേശം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ്-മുരുക്കുമ്പുഴ-കണിയാപുരം തീരദേശ റൂട്ടിലെ യാത്രാക്ലേശം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറ്റിങ്ങൽ ഡിപ്പോയിൽനിന്ന് ചിറയിൻകീഴ്-മുരുക്കുമ്പുഴ റൂട്ടിൽ എത്ര ഷെഡ്യൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഷെഡ്യൂളുകളിൽ എത്രയെണ്ണം മേയ്, ജൂൺ മാസങ്ങളിൽ ക്യാൻസൽ ചെയ്തിട്ടുണ്ടെന്നുള്ള ദിനം തിരിച്ച കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15 ഷെഡ്യൂളുകൾ (40 ട്രിപ്പുകൾ).

(സി) വിശദവിവരം താഴെ ചേർക്കുന്നു.

		ക്യാൻസൽ ചെയ്ത ഷെഡ്യൂളുകൾ	ക്യാൻസൽ ചെയ്ത ദിവസങ്ങൾ	
			മേയ് മാസം	ജൂൺ മാസം
1.	5.50	ചിറയിൻകീഴ്-തിരുവനന്തപുരം	3	5
2.	5.30	ചിറയിൻകീഴ്-മെഡി. കോളേജ്	2	-
3.	6.00	ചിറയിൻകീഴ്-കഴക്കൂട്ടം	6	2
4.	6.30	ചിറയിൻകീഴ്-കല്ലമ്പലം (സ്റ്റുഡൻസ് ഒൺലി)	31	11
5.	6.30	ചിറയിൻകീഴ്-തിരുവനന്തപുരം	2	5
6.	6.45	ചിറയിൻകീഴ്-താഴംപ്പപള്ളി- തിരു	2	-
7.	6.55	ചിറയിൻകീഴ്-തിരുവനന്തപുരം	2	10
8.	7.20	ചിറയിൻകീഴ്-തിരുവനന്തപുരം	12	18

77 (1809) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതു സംബന്ധിച്ച് 1998-99 വർഷത്തിൽ എത്ര നിവേദനം ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ ലഭിച്ച നിവേദനങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പുതിയ എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകൾ മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇങ്ങനെ അനുവദിച്ച ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ താമസം നേരിടാനുണ്ടായ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 6 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) പുതുതായി രണ്ടു സർവ്വീസുകൾ അനുവദിച്ചു.

(സി) പുതുതായി രണ്ട് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വടകര-തൊട്ടിൽപ്പാലം എന്നീ ഡിപ്പോകളിൽ നിന്നുള്ള സർവ്വീസുകളിൽ ഒരു ട്രിപ്പെങ്കിലും പേരാമ്പ്ര മണ്ഡലത്തിലൂടെയാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

(ഡി) ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തത മൂലമാണ് താമസം നേരിട്ടത്.

78 (1810) ബസ്സ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ട നിന്നും പരുത്തിപ്പാറ വഴി മുട്ടടക്കും തിരിച്ചുമുള്ള സിറ്റി സർവ്വീസ് നിർത്തലാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരുത്തിപ്പാറ ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവിടെ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരുത്തിപ്പാറ-മുട്ടട-അമ്പലമുക്ക് റോഡിന്റെ അറ്റകുറ്റപ്പണി പൂർത്തിയായ മുറയ്ക്ക് ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കു വിധേയമായി സർവ്വീസ് പുനരാരംഭിക്കുന്നതാണ്. കിഴക്കേകോട്ട-പട്ടം-മരപ്പാലം-മുട്ടട സർവ്വീസ് നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ വഴിയോര വെയിറ്റിംഗ് ഷെഡ്ഡുകൾ കെ.എസ്.ആർ.ടി.സി. നിർമ്മിച്ചു നൽകാറില്ല.

LIBRARY ARCHIVES Kerala Legislative Assembly